പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 529. 12-06-2012 ന് മറുപടിക്ക്

## പ്രോജക്ട് സാറ്റർഡേ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) പ്രോജക്ട് സാറ്റർ ഡേ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) വനം വന്യജീവി വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യ ക്ഷമമാക്കുക, ഫയലുകൾ പരമാവധി വേഗത്തിൽ തീർപ്പ് കൽപ്പിക്കുക, ജീവനക്കാർക്ക് ഉന്മേഷകരമായ അന്തരീക്ഷ ത്തിലിരുന്ന് ജോലി ചെയ്യുവാൻ പര്യാപ്തമായ വിധത്തിൽ ആഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുക എന്നി ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് പരാമർശിത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| ബി) വനം വന്യജീവി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | ബി) കാലതാമസം വരുത്താതെ എത്രയും വേഗത്തിലും കാര്യക്ഷമമായും ഫയലുകളിൽ തീർപ്പ് കൽപ്പിക്കുക, തീർപ്പ് കൽപ്പിച്ചതും തീർപ്പാക്കാനുള്ളതുമായ ഫയലുകൾ സംബന്ധിച്ച് കൃത്യമായി അവലോകനം നടത്തുകയും ഇത് സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ അതാത് ആഴ്ചയിൽ തന്നെ മേഖല വിഭാഗം ചീഫ് കൺസർവേറ്ററുടെ ഓഫീസിൽ അറിയിക്കുകയും ചെയ്യുക, ഓരോ ആഴ്ചയിലെയും അവസാന പ്രവൃത്തി |

ദിനം ഉച്ചയ്ക്കുശേഷം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ഓഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുകയും ചെയ്യുക, ഇതിലൂടെ തിങ്കളാഴ്ച രാവിലെ ഓഫീസിൽ എത്തുമ്പോൾ ഓരോ ജീവനക്കാരനും നവോന്മേഷത്തോടെ ജോലി ചെയ്യാൻ പ്രേരകമാവുന്ന ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ?

സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന ഉറപ്പു വരുത്താനായി എല്ലാ ചൊവ്വാഴ്ചയും വനം വകുപ്പ് മന്ത്രി നേരിട്ട് വിളിച്ചു ചേർക്കുന്ന വനം വന്യജീവി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ, കൃത്യമായ അവലോകനം നടത്തുകയും, പോരായ്മകൾ കണ്ടെത്തി പരിഹാര നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

ഇത് കൂടാതെ ചീഫ് കൺസർവേറ്റർമാരടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥർ മറ്റ് ഔദ്യോഗിക യാത്രകൾക്കിടയിലും മുൻകൂട്ടി അറിയിക്കാതെ താഴെത്തട്ടിലുള്ള ഓഫീസുകൾ പരിശോധിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നു. ഇക്കാര്യത്തിൽ പ്രശംസനീയമായ പുരോഗതിയുണ്ടാക്കുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം നൽകി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

[illegible signature]
സെക്ഷൻ ഓഫീസർ